**ഇഹ്സാൻ**

# ഹിന്ദുത്വത്തെ അമേരിക്ക ഏറ്റെടുത്തോ?

**വാഷിംഗ്ടണിൽ** ഇക്കഴിഞ്ഞ ജൂലൈ 12-ന് സെനറ്റ് നടപടികൾ ആരംഭിച്ചതിൽ അസാധാരണമായ ഒരു സവിശേഷതയുണ്ടായിരുന്നു. 218 വർഷത്തെ ചരിത്രത്തിനിടയിൽ ഇതാദ്യമായി ഹൈന്ദവ ആചാരപ്രകാരമുള്ള പ്രാർഥനകളോടെയാണ് യോഗ നടപടികൾ ആരംഭിച്ചത്. വിശ്വഹിന്ദു പരിഷത്തിന്റെ നേതാവും അറിയപ്പെടുന്ന അമേരിക്കൻ വ്യവസായിയുമായ രാജൻ സേദ് പ്രണവമന്ത്രവും ഗായത്രീമന്ത്രവും ചൊല്ലുകയും ചില ഉപനിഷത്തുക്കളിൽനിന്ന് ഏതാനും ഭാഗങ്ങൾ പാരായണം ചെയ്യുകയും വേദിയിൽ ഗംഗാജലം തളിക്കുകയും ചെയ്തു. 157 വർഷം പഴക്കമുള്ള കാലിഫോർണിയയിലെ സെനറ്റിലും ഈ ആഗസ്റ്റ് ആദ്യവാരം രാജൻ സേദ് കാവിവേഷത്തിൽ പ്രത്യക്ഷപ്പെട്ടു. അമേരിക്കൻ സെനറ്റുകളിൽ ഹൈന്ദവ പ്രാർഥനകൾ അംഗീകരിക്കപ്പെടുന്നു എന്ന വലിയ നേട്ടം അങ്ങനെയിരിക്കട്ടെ. രാജ്യത്തെ ഹിന്ദുമത വിശ്വാസികൾക്ക് ഇക്കാര്യത്തിൽ തീർച്ചയായും അഭിമാനിക്കാവുന്നതുമാണ്. എന്നാൽ എവിടെയോ അൽപം അസ്വാഭാവികത ഇല്ലാതില്ല. നൂറ്റാണ്ടുകളായി ഈ മന്ത്രങ്ങളും തന്ത്രങ്ങളും അമേരിക്കയിൽ അംഗീകരിക്കപ്പെട്ടിരുന്നില്ല എന്നും ജൂത മതവും ക്രിസ്തു മതവും കഴിഞ്ഞാൽ ഇത്തരമൊരു പരിഗണന ലഭിക്കുന്ന ആദ്യത്തെ മതം ഹിന്ദു മതമാണെന്നതുമാണ് ശ്രദ്ധേയമാകുന്നത്. 1893-ൽ ചിക്കാഗോയിൽ നടന്ന ലോകമത സമ്മേളനത്തിൽ സ്വാമി വിവേകാനന്ദൻ നടത്തിയ പ്രസംഗം നമ്മുടെ പാഠപുസ്തകങ്ങളിൽ പോലും കൊട്ടിഘോഷിക്കപ്പെടുന്നുണ്ട്. ശതാബ്ദി പിന്നിട്ട ആ പ്രസംഗത്തിനു ശേഷം പൊടുന്നനെ അമേരിക്കക്കാർക്ക് ഇപ്പോൾ ബോധമുദിച്ചതിന്റെ ഗുട്ടൻസ് അൽപമൊന്നു ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അമേരിക്കയിൽ അംഗീകരിക്കപ്പെടുന്നത് ഹിന്ദുമതമാണോ അതോ അദ്വാനിയുടെയും അശോക് സിംഗാളിന്റെയും ബ്രാൻഡിലുള്ള ഹിന്ദുത്വമാണോ എന്നതാണ് സംശയമുണ്ടാക്കുന്നത്.

ഹിന്ദുത്വ ഫാഷിസ്റ്റുകളുടെ സംഘങ്ങളാണ് ഇന്ത്യൻ സംസ്കാരമെന്ന ഓമനപ്പേരിൽ അമേരിക്കയിൽ പിടിമുറുക്കുന്നത് എന്നതിലേക്കാണ് സാഹചര്യത്തെളിവുകൾ വിരൽചൂണ്ടുന്നത്. ഈ ആഗസ്റ്റ് 10-ന് ന്യൂജഴ്സിയിലെ എഡിസനിൽ അമേരിക്കയിലെയും കാനഡയിലെയും 87 ക്ഷേത്രങ്ങളുടെ ഭാരവാഹികൾ പങ്കെടുത്ത സുപ്രധാനമായ ഒരു യോഗം നടക്കുകയുണ്ടായി. 2006-ൽ അറ്റ്ലാന്റയിൽ ഇതേ മട്ടിൽ ഒരു കൂടിച്ചേരൽ നടന്നിരുന്നുവെങ്കിലും അന്നത്തേതിനേക്കാൾ പ്രതികരണമാണ് ഇത്തവണ ലഭിച്ചത്. അതേസമയം ക്ഷേത്രഭാരവാഹികൾ എന്ന ഓമനപ്പേരിൽ ഈ യോഗം നടത്തിയത് വിശ്വഹിന്ദു പരിഷത്തിന്റെ അമേരിക്കൻ ഘടകമായിരുന്നു. വി.എച്ച്.പിയുമായി അടുത്ത ബന്ധമുള്ള ഡോക്ടർമാർ, എഞ്ചിനീയർമാർ, ശാസ്ത്രജ്ഞർ, ഐ.ടി പ്രഫഷണലുകൾ തുടങ്ങിയവരാണ് ഈ യോഗത്തിൽ പങ്കെടുത്ത ഭൂരിപക്ഷവും. രാജൻ സേദിന് അവസരം നൽകിയതിന് അമേരിക്കൻ സെനറ്റിന് പൊതുവെയും ഹാരി റീഡ് എന്ന സെനറ്റർക്ക് പ്രത്യേകിച്ചും നന്ദിരേഖപ്പെടുത്തുന്ന പ്രമേയമാണ് യോഗം ആദ്യം പാസ്സാക്കിയത്. സേദിന് ലഭിച്ച അംഗീകാരം തങ്ങളുടെ നേട്ടമായി ഈ യോഗം അവകാശപ്പെട്ട സ്ഥിതിക്ക് സയണിസത്തെ പോലെ ഹിന്ദുത്വത്തെയും അമേരിക്ക ഔദ്യോഗികമായി അംഗീകരിക്കാൻ തുടങ്ങിയോ എന്ന ന്യായമായ സംശയമാണ് ഉയരുന്നത്. ഹിന്ദുക്ഷേത്രങ്ങളിലേക്ക് അനുവദിക്കുന്ന വിസകൾ അമേരിക്കയുടെ താൽപര്യങ്ങൾക്കും നയനിലപാടുകൾക്കും അനുകൂലമായി മാത്രം ഉപയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുമെന്നാണ് രണ്ടാമത്തെ പ്രമേയം. മതകീയാവശ്യങ്ങൾക്ക് മറ്റു രാജ്യക്കാർക്ക് വിസ നൽകുന്നത് അവസാനിപ്പിക്കാനോ അല്ലെങ്കിൽ കടുത്ത നിയന്ത്രണങ്ങൾ കൊണ്ടുവരാനോ ആണ് അമേരിക്ക പദ്ധതിയിടുന്നത്. അവിടെയും ഹിന്ദുത്വക്കാർ തങ്ങൾക്ക് ഇളവ് ലഭിക്കുമെന്ന പ്രതീക്ഷയിലാണ്. 'ഹിന്ദുയിസം ടുഡെ' പ്രസിദ്ധീകരിക്കുന്ന ഹിന്ദുധർമ സപ്ലിമെന്റ് അമേരിക്കൻ പാഠ്യപദ്ധതിയുടെ ഭാഗമായി അംഗീകരിച്ച് നടപ്പിൽവരുത്താൻ പ്രത്യേക കമ്മിറ്റി രൂപീകരിക്കുമെന്നാണ് മൂന്നാമത്തെ പ്രമേയം.

ഈയിടെയായി ശക്തമായ വേരോട്ടം ലഭിച്ച ഹിന്ദു സ്റ്റുഡന്റ്സ് കൗൺസിൽ (എച്ച്.എസ്.സി) എന്ന സംഘടനയും അമേരിക്കയിലെ ഹിന്ദുത്വ അജണ്ടകളുടെ തനിസ്വരൂപമാണ്. അമേരിക്കയിലെ ഏറ്റവും കരുത്തുറ്റ ഇന്ത്യൻ സംഘടനയായി വളരുന്നത് എച്ച്.എസ്.സിയാണെന്നാണ് ഒടുവിലത്തെ റിപ്പോർട്ടുകൾ തെളിയിക്കുന്നത്. പഠനാവശ്യങ്ങൾക്ക് ഇന്ത്യയിൽനിന്ന് അമേരിക്കയിലെത്തുന്ന ഹിന്ദു വിദ്യാർഥികളെ കൂട്ടത്തോടെ തങ്ങളുടെ ബാനറിന്റെ കീഴിൽ അണിനിരത്തുന്നതിൽ ഇവർ വിജയിക്കുന്നുണ്ടത്രെ. ഇന്ത്യയുടെ പാരമ്പര്യവും സാംസ്കാരിക തനിമയും നിലനിർത്താൻ അമേരിക്കൻ ഇന്ത്യക്കാരെയും ഇന്ത്യൻ വിദ്യാർഥികളെയും സഹായിക്കുക മാത്രമാണ് ചെയ്യുന്നത് എന്നും ഇന്ത്യയിലെയോ അമേരിക്കയിലെയോ മറ്റേതെങ്കിലും സംഘടനകളുമായി തങ്ങൾക്ക് ബന്ധമില്ലെന്നുമാണ് പുറമേ ഇവരുടെ നിലപാട്. പക്ഷേ, അജയ് കുന്നത്ത് എന്ന മലയാളി അടക്കമുള്ള എച്ച്.എസ്.സിയുടെ സ്ഥാപക നേതാക്കളിൽ പലരും സംഘ്പരിവാർ പോഷകസംഘടനകളിലൂടെ വളർന്നവരാണ്. ബാബരിമസ്ജിദ് ധ്വംസനത്തിനു ശേഷം അൽപകാലം നിശ്ശബ്ദ പ്രവർത്തനം നടത്തിയ എച്ച്.എസ്.സി, ആർ.എസ്.എസ്സിൽനിന്ന് പൂർണമായ അകലം പാലിക്കുന്നതാണ് കാണാനുണ്ടായിരുന്നത്. പക്ഷേ 2000-ത്തിനു ശേഷം പുറത്തിറക്കിയ സാഹിത്യങ്ങളിൽ അയോധ്യയിൽ രാമക്ഷേത്രം നിർമിക്കേണ്ടതിന്റെ ആവശ്യകതയും കശ്മീരിലെ 'ഹിന്ദു ഇന്ത്യ'യുടെ അജണ്ടയോട് തങ്ങൾക്കുള്ള കൂറും ഇവർ തുറന്നു പ്രഖ്യാപിക്കുന്നുണ്ട്. പക്ഷേ പുറമേക്ക് വി.എച്ച്.പിയുടെ അനുബന്ധ സംഘടനയായി അറിയപ്പെടാൻ അവർ ആഗ്രഹിക്കുന്നുമില്ല. ഇതുകൊണ്ടുതന്നെ അമേരിക്കയിലേക്ക് എത്തിപ്പെടുന്ന ഇന്ത്യക്കാരായ മിക്ക വിദ്യാർഥികളെയും വലയിൽ വീഴ്ത്താൻ ഇവർക്ക് നിഷ്പ്രയാസം കഴിയുന്നു. ഈ വിദ്യാർഥികളിൽ പലരും ഉന്നതപദവികളിലേക്ക് എത്തുന്നതോടെ അമേരിക്കൻ ഭരണകൂടത്തിൽ ഇന്ത്യൻ താൽപര്യങ്ങൾക്കു വേണ്ടി ശക്തമായ ലോബിയിംഗ് നടത്താനാവുമെന്നാണ് എച്ച്.എസ്.സി മുന്നോട്ടുവെക്കുന്ന അവകാശവാദം.

വിശ്വഹിന്ദു പരിഷത്തും വേൾഡ് ഹിന്ദു കൗൺസിലുമൊക്കെ അമേരിക്കയിൽ ഇതിനകം വെറുക്കപ്പെട്ടവരുടെ പട്ടികയിൽ ഇടം കണ്ടെത്തിയതോടെയാണ് 'മാന്യന്മാ'രെ മുന്നിൽനിർത്തി സംഘ്പരിവാർ ഈ തട്ടിപ്പിനിറങ്ങിയിട്ടുള്ളത്. ഇസ്രയേൽ എന്ന രാജ്യത്തിന്റെ ചരിത്രത്തിൽ അമേരിക്കയിലെ ജൂതലോബിയുടെ പങ്ക് എന്തായിരുന്നുവെന്ന് ചരിത്രം പഠിക്കുന്നവർക്കറിയാം. ചെറുതെങ്കിലും അമേരിക്കയിൽ അതിശക്തമായ സ്വാധീനമുള്ളഇ ൗ ലോബിയാണ് സയണിസത്തെ എല്ലാ അർഥത്തിലും സംരക്ഷിച്ചുനിർത്തുന്നത്. ലോകത്തെ സുപ്രധാന ബാങ്കുകളും ആയുധക്കമ്പനികളും നിയന്ത്രിക്കുന്നത് അമേരിക്കയിലെ ജൂതസമൂഹമായതുകൊണ്ടാണ് യുദ്ധങ്ങളും ഉപരോധങ്ങളും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ചിഹ്നങ്ങളായി മാറിയത്. ഈ യുദ്ധങ്ങളുടെയെല്ലാം ഇരകൾ ഇസ്രയേലിന്റെ ശത്രുക്കളാണെന്ന് പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ. ആണവക്കരാറിന്റെ ഈ കാലഘട്ടത്തിലാണ് സംഘ്പരിവാർ അമേരിക്കയിൽ പിൻവാതിലിലൂടെ നേടുന്നതെന്നത് ഭയത്തോടെ ഓർക്കുക. കൊടുങ്കാറ്റിനു ശേഷം വരാനിരിക്കുന്ന പ്രളയത്തിന്റെ മുന്നറിയിപ്പാണിത്. ദുരൂഹമായ സ്ഫോടനങ്ങളും പൊട്ടിത്തെറികളും മുസ്ലിം വേട്ടയാടലും ശക്തമാവുന്ന ഇന്ത്യയിൽ ബുഷിന്റെയും മൻമോഹന്റെയും വലതുപക്ഷ അജണ്ടയുടെ ഇടനിലക്കാരാവുന്നത് ആർ.എസ്.എസ്സുകാരാണെന്നും കൂടി വന്നാൽ അന്ത്യകാഹളത്തിന് കാതോർക്കുകയല്ലാതെ വേറെ വഴിയുണ്ടാവില്ല. ■